# 2025-2026

# അക്കാദമിക
---
# മാസ്റ്റർ പ്ലാൻ

## പുത്തൂർ
## ഈസ്റ്റ് എൽ.പി സ്കൂൾ

# ആമുഖം

പുത്തൂർ ഈസ്റ്റ് എൽ.പി സ്കൂൾ 1925-ലാണ് സ്ഥാപിതമായത്. ശ്രീ. കെ.സി. അബ്ദുള്ള മാസ്റ്ററുടെ നേതൃത്വത്തിൽ ഈ പ്രദേശത്തെ കുറച്ച് സന്മനസ്സുകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് അന്നൊരു വിദ്യാലയം സ്ഥാപിതമായത്. വിദ്യാഭ്യാസ രംഗത്ത് പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന മുസ്ലിം സമുദായത്തിൽപെട്ട കുട്ടികൾക്ക് പഠനാവസരം ഒരുക്കുക എന്നതായിരുന്നു മുഖ്യ ലക്ഷ്യം. ഈ വിദ്യാലയം സ്ഥാപിതമായതോടു കൂടി ഈ പ്രദേശത്തെ കുട്ടികൾക്ക് പഠനം നടത്താനുള്ള അവസരം ഒരുങ്ങി.

കലാകായിക പരമായ കഴിവുകൾ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു വരുന്നതിന്റെ ഭാഗമായി കായിക മത്സരങ്ങളിലും കലാമേളയിലും കുട്ടികളെ പങ്കെടുപ്പിക്കുകയും വിജയികളായിത്തീരുകയും ചെയ്തിട്ടുണ്ട്. അക്കാദമിക നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ക്വിസ്സ് മത്സരം, ചോദ്യോത്തരപെട്ടി, വായനാമൂല, ലൈബ്രറി എന്നിവ ഉപയോഗപ്പെടുത്തുന്നു.

## അവസ്ഥാവിശകലനം

ഭൗതിക അക്കാദമിക നിലവിലുള്ള സാഹചര്യത്തിൽ നിന്ന് ഇനിയും എറെമെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. സ്കൂൾ കെട്ടിടം അറ്റകുറ്റ പണികൾ നടത്തിമികവുറ്റതും ആകർഷകവുമായി തീർക്കണം. കുട്ടികൾക്ക് സൗകര്യപ്രദമായ രീതിയിൽ പഠനം നടത്താൻ കൂടുതൽ ഫർണിച്ചറുകൾ നിലവാരം പുലർത്തുന്ന കുട്ടികളെ മികവിലേക്കെത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും പ്രത്യേകം സമയംപഠന നിലവാരം ഉയർത്തുന്നതിനായുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട റാംപ് ആന്റ് റെയിൽ സ്കൂളിൽ നിർമ്മിച്ചിട്ടുണ്ട്. കലാ കായിക പരമായ കഴിവുകൾ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു വരുന്നതിന്റെ ഭാഗമായി മത്സരങ്ങളിൽ പങ്കെടുക്കുകയും വിജയികളായി തീരുകയും ചെയ്യുന്നു. അക്കാദമിക്നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായ ക്വിസ്സ് മത്സരം,വായന മൂല ലൈബ്രറി എന്നിവയുള്ള നമ്മുടെ വിദ്യാലയത്തിന് ഇനിയും കമ്പ്യൂട്ടറുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്.

## വിദ്യാലയത്തിലെ അദ്ധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ

- ഇംഗ്ലീഷ് മീഡിയത്തോടുള്ള രക്ഷിതാക്കളുടെ അമിത താൽപര്യം
- ഭൗതിക സാഹചര്യങ്ങൾ കുട്ടികൾക്ക് ആകർഷകമായ രീതിയിൽ ആക്കുന്നതിനും പഠനത്തിൽ താൽപര്യം ഉണർത്തുന്നതിനും സാമ്പത്തിക പ്രയാസം അനുഭവപ്പെടുന്നു
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രക്ഷിതാക്കളായതിനാൽ സ്കൂളിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാകുന്നില്ല.

# പരിമിതികൾ

സ്കൂളിന്റെ വികസനത്തിനും അക്കാദമിക പ്രവർത്തനങ്ങളിലും കുട്ടികളെ അധ്യാ
പകരോടൊപ്പം തന്നെ വലിയൊരു കൈത്താങ്ങ് നൽകി മുൻ നിരയിൽ എത്തിക്കേണ്ട
രക്ഷിതാക്കൾക്ക് നടത്തുന്ന പി.ടി.എ , എം.പി.ടിഎ പോലുള്ള മീറ്റിംഗിൽ വളരെ കുറഞ്ഞ
രീതിയിലാണ് രക്ഷിതാക്കളുടെ സാന്നിധ്യം കാണാൻ കഴിയുന്നത്.ഇതു കുട്ടികളുടെ പഠന
മികവിനെ പൊതു വിദ്യാഭ്യസം ലക്ഷ്യം വെക്കുന്ന രീതിയിൽ മുൻ നിരയിൽ എത്തിക്കാൻ
പ്രയാസപ്പെടുത്തുന്നു.പണ്ടത്തെ സ്കൂളിന്റെ ശോചനീയമായ നിലയിൽ നിന്നും പുരോ
ഗതി കൈവന്നെങ്കിലുംരാക്ഷിതാക്കളുടെ പ്രതീക്ഷയ്ക്കൊപ്പം നിൽക്കുന്ന ഭൗതീക സാഹ
ചര്യം ഇല്ലാത്തതിനാൽ കുട്ടികളെ സ്കൂളിലേക്ക് ചേർക്കുന്നതിൽ ഒരുപടി പിറകോട്ടാണ
വർ. കായികപരമായി പരിശീലനം നൽകാൻ ആവിശ്യമായൊരു കളിസ്ഥലം ഇല്ലെങ്കിലും
പി.ടി.എ യുടെ നേതൃത്വത്തിൽ സ്കൂളിന്റെ സമീപത്ത് ഒരു കളിസ്ഥലം ഒരുക്കിയിട്ടുണ്ട്

വിദ്യാലയത്തിലെ ഐ.ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ | 3 | 2 |
| ലാപ്ടോപ് | 3 | 2 |
| പ്രൊജക്ടർ എൽ.സി.ഡി | 2 | - |
| റേഡിയോ | - | 1 |
| ടി.വി | - | 1 |
| വിക്ടർ ചാനലിന്റെ ലഭ്യത | - | ആവശ്യമുണ്ട് |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് | - |
| സ്വന്തമായി വെബ്സൈറ്റ് | - | ആവശ്യമുണ്ട് |
| ബ്ലോഗ് | - | ആവശ്യമുണ്ട് |
| ഇ-മെയിൽ ഐഡി | ഉണ്ട് | - |
| സ്മാർട്ട് ക്ലാസ്റൂം | ഉണ്ട് | ഇനിയും ആവശ്യമുണ്ട് |

## പൊതു ലക്ഷ്യങ്ങൾ

- പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ വിദ്യാലയം മികവിന്റെ കേന്ദ്രങ്ങളാക്കുക.
- ഭാഷാപരമായും വിഷയാധിഷ്ഠിതമായും കുട്ടികൾ ആർജിക്കേണ്ട ശേഷികൾ അതതു ക്ലാസിൽ നിന്നു തന്നെ ആർജിക്കാനാവശ്യമായ പിന്തുണാ സഹായം ഒരുക്കൽ.
- ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ വിദ്യാർത്ഥികൾക്കും ലഭ്യമാക്കൽ
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് അക്കാദമികവും ഭൗതികവുമായ പിന്തുണ സഹായം ലഭിക്കൽ.
- കലാ കായിക പ്രവൃത്തി പരിചയ മേഖലകളിൽ പരിശീലനം നൽകി അർഹമായ പ്രോത്സാഹനം നൽകി അംഗീകാരം ലഭ്യമാക്കൽ.
- ഭാഷാപരമായും വിഷയാധിഷ്ഠിതമായും കുട്ടികൾ ആർജിക്കേണ്ട ശേഷികൾ അതതു ക്ലാസിൽ നിന്നു തന്നെ ആർജിക്കാനാവശ്യമായ പിന്തുണാ സഹായം ഒരുക്കൽ.വ്യക്തിത്വ വികസന പ്രവർത്തനങ്ങൾ സാധ്യമാക്കൽ
- ഭിന്ന ശേഷിക്കാരേയും പ്രതിഭാശാലികളേയും പരിഗണിച്ചു കൊണ്ടുള്ള പ്രത്യേക പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.
- ഭാഷാപരമായും വിഷയാധിഷ്ഠിതമായും കുട്ടികൾ ആർജിക്കേണ്ട ശേഷികൾ അതതു ക്ലാസിൽ നിന്നു തന്നെ ആർജിക്കാനാവശ്യമായ പിന്തുണാ സഹായം ഒരുക്കൽ.ഭൗതിക പിന്തുണ ശക്തമാക്കൽ (പൂർവ്വ വിദ്യാർത്ഥി സംഘടന, SRG, PTA )
- ICT സാധ്യതകൾ പ്രയോജനപ്പെടുത്തി പഠനം എളുപ്പവും താൽപര്യ പൂർണവുമാക്കൽ

## അക്കാദമിക പ്രവർത്തനങ്ങൾ

**മാതൃഭാഷാപരിപോഷണം**

**ലക്ഷ്യങ്ങൾ**

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
- ഭാഷാ കേളി നടത്തുന്നതിന്
- വായനാശേഷി വികസിപ്പിക്കുന്നതിന് (വായനാകൂട്ടം)
- കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക.
- സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുക.
- കാവ്യോത്സവം
- പഠനോത്സവം.
- പാട്ടരങ്ങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ♦ പ്രീ ടെസ്റ്റ്<br>♦ അക്ഷരം ഉറപ്പിക്കൽ<br>♦ ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>♦ അക്ഷരകാർഡുകൾ നൽകൽ<br>♦ വാക്യങ്ങൾ എഴുതിയ കാർഡുകൾ നൽകൽ<br>♦ വാക്യങ്ങൾനിർമ്മിക്കൽ<br>♦ ചിത്രം -അടിക്കുറിപ്പ്<br>♦ ചിത്രം- കഥയെഴുതൽ<br>♦ കഥ ബാക്കി എഴുതൽ<br>♦ കഥാ പുസ്തകം നൽകൽ<br>♦ സി.ഡി യിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>♦ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 6 മാസം | അധ്യാപകർ<br>BRC | 5000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാകേളി നടത്തുന്നതിന് | ♦ ഭാഷാ കേളി നടത്തൽ<br>♦ ആശയ സംവാദം നടത്തൽ<br>♦ ചിത്രങ്ങൾ നോക്കി വാക്യങ്ങൾ ഉണ്ടാക്കൽ<br>♦ പദ സൂര്യ നിർമ്മാണം<br>♦ പകരം പദങ്ങൾ ഉപയോഗിച്ച് മുത്തുകൾ കോർക്കൽ<br>♦ ആശയഗ്രഹണം നടത്തി<br>♦ കഥാ രചന നടത്തൽ | 3 മാസം | അധ്യാപകർ/ രക്ഷിതാക്കൾ | 2000 |
| വായനാശേഷിവികസിപ്പിക്കുന്നതിന് (വായനാ കൂട്ടം) | ♦ കഥാ പുസ്തകങ്ങൾ വായിക്കൽ<br>♦ അമ്മ വായന<br>♦ കഥാ മാല<br>♦ കവിതാ പുസ്തകം വായിക്കൽ<br>♦ പത്ര വായന<br>♦ അറിഞ്ഞതും വായിച്ചതുമായ കഥകൾ കവിതകൾ അവതരിപ്പിക്കൽ(അസംബ്ലി) | 6 മാസം | അധ്യാപകർ PTA | 3000 |

| | | | | |
|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരാക്കുക | *എഴുത്തു കൂട്ടരൂപീകരണം<br>*പുസ്തക ചർച്ച<br>*ക്ലാസ്സ്‌ ലൈബ്രറി<br>*വായനാ കുറിപ്പ്(പതിപ്പ്)<br>*സ്വതേഷിക്കുന്ന ആസ്വാദനത്തെക്കുറിച്ച് പുസ്തകം<br>*സാഹിത്യ ശാഖകൾ<br>പരിചയപ്പെടൽ<br>*വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ് | | അധ്യാപകർ<br>BRC, PTA | 2000 |
| സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുക | *വ്യക്തിഗത രചന<br>*സംഘരചന<br>*ബാല സഭ, സർഗ്ഗ വേള വിദ്യാരംഭം, ബാലോത്സവം എന്നീ വേദികളിൽ കുട്ടികളുടെ കഴിവുകൾ കണ്ടെത്ത് പ്രോത്സാഹിപ്പിക്കുക<br>*സർഗ്ഗാത്മക ഡയറി<br>*സംയുക്ത ഡയറി<br>*കാവ്യോത്സവം<br>• പാട്ടരങ്ങ് | 1 വർഷം | അധ്യാപകർ | 1000 |

# ഈസി ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (EASY ENGLISH)
- വായനാ എഴുത്ത് പരിപോഷണം
- ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ
- Introduce main discourse
- Increases Vocabulary
- Project Writing (III & IV)
-

| | | | | | |
|---|---|---|---|---|---|
| 3 | ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ | 1. Self Introduction<br>2. English - Assembly<br>3. One day English Only<br><br>(Rhymes, Story - Telling, Role Play, Action Song, Miming, Drama, Chore-ography, etc.....)<br><br>4. English Fest | 6 മാസം | അധ്യാപകർ | 3000 |
| 4 | Introduce main discourses | 1. Conversation<br>2. Description<br>3. Add more Lines<br>4. Story Writing<br>5. Notice Posters | 10 Months | അധ്യാപകർ | 1000 |
| 5 | Increases Vocabulery | 1. Word Web<br>2. MissingLetters<br>3. Who am I?<br>4. Correct the Jumbled order<br>5. Collections of riddles and puzzules news peper collection<br>6. Magazine making<br>7. Making sentences | 10 Months | അധ്യാപകർ<br>PTA, BRC | 1000 |
| 6 | Project Writing (III & IV) | 1. Enquiring menatality (what jobs are people in your locality engaged in ?) | 12 Months | അധ്യാപകർ<br>PTA | 1000 |

# ഗണിതം- ഗണിതം ലളിതം

## ലക്ഷ്യങ്ങൾ

♦ചതുഷ്ക്രിയകൾ ഉറപ്പിക്കൽ

♦ക്രിയാ ശേഷി അപഗ്രഥനം

♦ലഘു പ്രൊജക്ട് തയ്യാറാക്കുന്നതിന്

♦പ്രശ്ന വഴികൾ കൃത്യതയോടെ നിർണയിക്കൽ (വ്യത്യസ്ത വഴികൾ)

♦വ്യത്യസ്ത തരത്തിലുള്ള അളവുകൾ തൂക്കങ്ങൾ എന്നിവ തരം തിരിക്കൽ പട്ടികപ്പെടുത്തൽ

♦സമയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുന്നതിന്

♦കൃത്യത , സൂക്ഷ്മത എന്നിവ പാലിച്ച് രൂപങ്ങൾ വരയ്ക്കുന്നതിന്

♦പാറ്റേൺ നിർമ്മാണം

| ം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | ♦സംഖ്യാ കാർഡുകൾ, സംഖ്യാ റിബണുകൾ മഞ്ചാടി, മുത്തുകൾ, ഏണിയും പാമ്പും, ഡയസ് കളി,കളിനോട്ട് , കച്ചവടകളി ,ഐ. സി. ടി . എന്നിവയിലൂടെയുള്ള പ്രവർത്തനങ്ങൾ | 6 മാസം | അധ്യാപകർ | 3000 |

| | | | | | |
|---|---|---|---|---|---|
| | ക്രിയാ ശേഷി അപഗ്രഥനം | ♦ നിത്യജീവിതവുമായിബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നിഗമനത്തിൽ എത്തുന്നതിനും | 3 മാസം | അധ്യാപകർ PTA | 3000 |
| | ലഘു പ്രൊജക്ട് | ♦ ഒന്നു മുതൽ 9 വരെ എഴുതുക ഒന്നിന്റെ വലത് വശത്ത് ഒരു പൂജ്യം ചേർത്ത് 9 കുറച്ചാൽ എന്തെ കിട്ടും ഞാനാര്? ഇത്തരം ഉയർന്ന നിലവാരത്തിൽ ഉള്ള പ്രവർത്തനങ്ങൾ 1 മുതൽ 4വരെയുള്ള ക്ലാസുകളിൽ ഉപയോഗിക്കുന്നു. | 3 മാസം | | 3000 |
| 4 | പ്രശ്ന വഴികൾ കൃത്യതയോടെ നിർണയിക്കൽ | ♦ ചതുഷ്ക്രിയകൾ ഉൾക്കൊള്ളുന്ന ഗണിതക്രിയകളിൽ ഏതൊക്കെക്രിയകളാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് കണ്ടെത്തി ഉത്തരത്തിൽഎത്തുന്ന പ്രവർത്തനങ്ങൾ | 6 മാസം | അധ്യാപകർ | 3000 |
| 5 | വ്യത്യസ്ത തരത്തിലുള്ള അളവുകൾ തൂക്കങ്ങൾ എന്നിവ തരംതിരിക്കൽ പട്ടികപ്പെടുത്തൽ | ♦ കച്ചവടക്കളി,ICT സാധ്യത പ്രയോജനപ്പെടുത്തൽ, കൂടുതൽ കുറവ് കണ്ടെത്തൽ | 6 മാസം | അധ്യാപകർ | 2000 |

| | | | | |
|---|---|---|---|---|
| സമയവുമായി ബന്ധപ്പെട്ട് കാര്യങ്ങൾ പഠിക്കുന്നതിന് | ◆ICT സാധ്യത ലഘു പ്രൊജക്റ്റ് | 6 മാസം | അധ്യാപകർ BRC | 400 |
| കൃത്യത സൂക്ഷ്മത എന്നിവ പാലിച്ച് രൂപങ്ങൾ വരയ്ക്കുന്നതിന് (ചുറ്റളവ് കണ്ടെത്തുന്നതിന്) | ◆ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തൽ , തീപ്പെട്ടി, ഈർക്കിൽ എന്നിവ ഉപയോഗിച്ച് രൂപങ്ങൾ വരക്കൽ , ചുറ്റളവ് കണ്ടെത്താൻ ടാൻ ഗ്രാം , ചാർട്ട് എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | 3 മാസം | അധ്യാപകർ | 300 |
| 8 പാറ്റേൺ നിർമ്മാണം | ◆സംഖ്യാ പാറ്റേൺ തയ്യാറാക്കൽ, ചിത്ര പാറ്റേൺ | 4 മാസം | അധ്യാപകർ | 300 |

# പരിസര പഠനം

**ഇന്നത്തെ ചിന്താവിഷയം**

**ലക്ഷ്യങ്ങൾ**

- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്രപഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചി ഉണ്ടാക്കൽ
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
- പരിസര ശുചിത്വം, വ്യക്തിശുചിത്വം, സാമൂഹിക ശുചിത്വം എന്നിവ പാലിച്ചുകൊണ്ട് ശാരീരിക, മാനസിക, സാമൂഹിക ആരോഗ്യം കൈവരിക്കാൻ ശ്രമിക്കുക.
- ജൈവ വൈവിധ്യോദ്യാനം – നിർമ്മാണം
- പരിസ്ഥിതി ദിനാചരണം
- ദിനാചരണങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന്
- കൗതുകം – ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക.
- നാടിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക. പങ്കാളികളാകുക.
- നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിചേരുകയും ചെയ്യുക.
- ഇന്നത്തെ ചിന്താവിഷയത്തെക്കുറിച്ച് ബോധവാന്മാരാക്കുക.

| ക്രമ നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്ര പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക | ശാസ്ത്ര പുസ്തകങ്ങൾ വായിക്കൽ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ, പ്രൊജക്റ്റ് ഫീൽഡ്ട്രിപ്പ് (അഭിമുഖം) | 1 വർഷം | അധ്യാപകർ<br>പിടിഎ | 1000 |
| 2 | ശാസ്ത്ര വിഷയങ്ങളിൽ അഭിരുചി ഉണ്ടാക്കൽ | പത്രവായന, വിവിധ സാമൂഹ്യ പരിഷ്കർത്താക്കളുടെ ജീവചരിത്രക്കുറിപ്പ് വായന,ഐടി സാധ്യത ഉപയോഗിച്ച് ശില്പശാല വിദഗ്ധരുടെ ക്ലാസ്സ് | 1 വർഷം | അധ്യാപകർ<br>പിടിഎ | 1000 |
| 3 | പരിസ്ഥിതി സൗഹൃദ മനോഭാവം | പ്രകൃതിയിലെ ജീവജാലങ്ങളെല്ലാം പരസ്പരം ആശ്രയിച്ച് ജീവിക്കുന്നുവെന്നും അത്കൊണ്ടുതന്നെ മറ്റുള്ളവയെ നശിപ്പിക്കുന്നതിനുപകരം സ്നേഹത്തോടെയും സൗഹൃദത്തോടെയുമുള്ള മനോഭാവം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | 1 വർഷം | അധ്യാപകർ<br>പിടിഎ<br>ബിആർസി | |
| 4 | പരിസരശുചിത്വംവ്യക്തിശുചിത്വം, സാമൂഹിക ശുചിത്വം,എന്നിവ പാലിച്ചുകൊണ്ട് ശാരീരിക മാനസിക സാമൂഹ്യ ആരോഗ്യം കൈവരിക്കാൻ സഹായിക്കുക | ഹരിതകേരള പദ്ധതിയുമായി ബന്ധിപ്പിക്കുക ശുചിത്വബോധം ശുചിത്വശീലം എന്നിവ വളർത്തുന്നതിന് ആവശ്യമായ സിഡി പ്രദർശനം, പാട്ടുപാടൽ, കഥപറയൽ നാടകം, പരീക്ഷണങ്ങൾ, ശുദ്ധം- അശുദ്ധം ശുചിത്വം പ്രൊജക്റ്റ് സർവേ,പോസ്റ്റർ രചന, ചെക്ക് ലിസ്റ്റ് | 1 വർഷം | അധ്യാപകർ<br>ബിആർസി<br>പി ടി എ | 1000 |

| | | | | | |
|---|---|---|---|---|---|
| 5 | ജൈവവൈവിധ്യോദ്യാനം - നിർമ്മാണം | ഉദ്യാന നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. | 1 വർഷം | അധ്യാപകർ<br>പിടിഎ | 20000 |
| 6 | പരിസ്ഥിതി ദിനാചരണം | എല്ലാജൂൺ 5നും പരിസ്ഥിതി ദിനം ആഘോഷിക്കാൻ ജൈവവൈവിധ്യ പാർക്കിൽ വൃക്ഷതൈ നടൽ .ഓരോ വർഷത്തെയും പരിസ്ഥിതിദിന മുദ്രവാക്യം വ്യത്യസ്ത രീതിയിൽ ആവിഷ്ക്കരിക്കുന്നു. പോസ്റ്റർ മുദ്രാഗീതം, കഥ, കവിത, കാർട്ടൂൺ, പതിപ്പ് തയ്യാറാക്കൽ. പരിസ്ഥിതി ദിന ക്വിസ്സ്മത്സരം റാലി എന്നിവ സംഘടിപ്പിക്കൽ. പരിസ്ഥിതി ദിന ക്ലബ് രൂപീകരിച്ച് ഉദ്ഘാടനം ചെയ്ത് വ്യത്യസ്ത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ | 1 വർഷം | അധ്യാപകർ<br>പിടിഎ | |
| 7 | ദിനാചരണങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിന് | ചാന്ദ്രദിനം, സ്വാതന്ത്ര്യദിനം ഗാന്ധിജയന്തി, റിപ്പബ്ലിക് ദിനം തുടങ്ങിയ വിശിഷ്ടദിനങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കൽ. റാലി ക്വിസ്സ് നടത്തൽ പോസ്റ്റർ തുടങ്ങിയവ തയ്യാറാക്കൽ | 1 വർഷം | അധ്യാപകർ<br>പിടിഎ<br>ബിആർസി | 15000 |
| 8 | കൗതുകം ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുന്നതിന് | പ്രകൃതി നടത്തം അഭിമുഖം | 1 വർഷം | അധ്യാപകർ<br>പിടിഎ | 1000 |
| 9 | നാടിന്റെ നേട്ടങ്ങളിൽ അഭിമാനിക്കു [illegible] | ദേശസ്നേഹം, രാജ്യസ്നേഹം ജനാധിപത്യ ബോധം | 1 വർഷം | അധ്യാപകർ | 2000 |